

■ (ഇടത്തുനിന്ന്) ഖാലിദ് റഷീദ് ഫറംഗി മഹ്‌ലി, സഫർയാബ് ജീലാനി, അബ്ദുർറഹീം ഖുറൈശി, എസ്.ക്യൂ.ആർ ഇൽയാസ്, സുലൈമാൻ റഹീമാബാദി എന്നിവർ പേഴ്സണൽ ലോ ബോർഡ് സമ്മേളനത്തിൽ

## ലഖ്നൗ സമ്മേളനം

# പരിമിതികൾക്കകത്ത് നേർത്ത ചുവടുവെപ്പുകൾ

കവർസ്റ്റോറി ●

**എം.സി.എ നാസർ**

**ലഖ്നൗവിൽ** സമാപിച്ച ആൾ ഇന്ത്യാ മുസ്‌ലിം പേഴ്സണൽ ലോ ബോർഡിന്റെ ഇരുപത്തൊന്നാം വാർഷിക സമ്മേളനം പലതുകൊണ്ടും ശ്രദ്ധേയമായി. പ്രസിദ്ധമായ ദാറുൽ ഉലൂം നദ്‌വത്തുൽ ഉലമയിലായിരുന്നു സമ്മേളനം. വ്യക്തി നിയമവുമായി ബന്ധപ്പെട്ട പ്രധാന വിഷയങ്ങൾ ചർച്ച ചെയ്യാൻ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള മുന്നൂറോളം പണ്ഡിതരും നേതാക്കളുമാണ് ഒത്തുചേർന്നത്.

വനിതാ ശാക്തീകരണം സജീവമായി ചർച്ച ചെയ്യപ്പെടുന്ന സാഹചര്യത്തിൽ ബോർഡിൽ അവരുടെ സ്വരത്തിന് കൂടുതൽ ബലം നൽകാൻ സുപ്രധാന നീക്കം നടന്നു എന്നതാണ് ലഖ്നൗ സമ്മേളനത്തെ വേറിട്ടു നിർത്തുന്ന ഒരു പ്രധാന ഘടകം. 1973–ൽ രൂപംകൊണ്ട ആൾ ഇന്ത്യാ മുസ്‌ലിം പേഴ്സനൽ ലോ ബോർഡിന് പരിമിതികൾ ഏറെയാണ്. യാഥാസ്ഥിതിക വീക്ഷണം തന്നെയാണ് ബോർഡിൽ ഇപ്പോഴും പ്രബലം. എന്നാൽ രാജ്യത്തെ മുസ്‌ലിം സമൂഹത്തിന്റെ ഏക പൊതുവേദി എന്ന നിലക്ക് ബോർഡിന്റെ പ്രാധാന്യം ഇന്നും വളരെ വലുതാണ്. കരുത്തുറ്റ മുസ്‌ലിം പണ്ഡിത കൂട്ടായ്മയെന്ന സവിശേഷതയും ബോർഡിനുണ്ട്.

മുസ്‌ലിംകളിലെ എല്ലാ പ്രദേശങ്ങൾക്കും ജനപ്രതിനിധികൾക്കും പ്രാതിനിധ്യം ഉറപ്പാക്കാനുള്ള ശ്രമവും ലഖ്‌നൗ സമ്മേളനത്തിലുണ്ടായി. മുസ്‌ലിം സ്ത്രീകളുടെ കാര്യത്തിൽ സ്വാഭാവിക നീതി ഉറപ്പാക്കാൻ ബോർഡിന് അത്രയൊന്നും കഴിഞ്ഞിരുന്നില്ല എന്നത് വസ്തുതയാണ്. അതുകൊണ്ടു തന്നെ സമുദായത്തിന്റെ പകുതിയോളം വരുന്ന അവരുടെ ശബ്ദം മതവേദികളിൽ എവിടെയും അലയടിക്കപ്പെടാതെ പോവുകയും ചെയ്തു. യാഥാസ്ഥിതിക മതനിലപാടുകളിൽ വിട്ടുവീഴ്ച ആഗ്രഹിക്കാത്ത ലഖ്‌നൗ നദ്‌വയുടെയും ദയൂബന്ദിന്റെയും പ്രമാണിത്തം എന്നും ബോർഡിൽ ശക്തമായിരുന്നു. സ്ത്രീകളുടെ ശാക്തീകരണ കാര്യത്തിൽ ശക്തമായ നിലപാടുകളൊന്നും കൈക്കൊള്ളാൻ കഴിയാതെ വന്നതിനു കാരണവും ഇതുതന്നെ. എന്നാൽ കഴിഞ്ഞ ഏതാനും വർഷങ്ങളായി അവസ്ഥ മാറി വരികയാണ്. സ്ത്രീകളുടെ വ്യക്തിത്വം പരിമിതമായ അർഥത്തിലെങ്കിലും അംഗീകരിക്കാതെ മുന്നോട്ടു പോകാൻ കഴിയില്ലെന്നു വന്നു. അവരുടെ സാന്നിധ്യം തീർത്തും നിരാകരിക്കുക എളുപ്പമല്ലെന്നും മത നേതൃത്വത്തിന് ബോധ്യമായി.

അമ്പതംഗ ബോർഡ് നിർവാഹക സമിതിയിലേക്ക് അഞ്ചു വനിതകളെ തെരഞ്ഞെടുക്കാൻ ലഖ്‌നൗ സമ്മേളനം കൈക്കൊണ്ട തീരുമാനം മാറുന്ന സമീപനത്തിന്റെ പ്രകടമായ അടയാളമായി തീരുന്നതും ഈ സാഹചര്യത്തിലാണ്. സ്ഥാപകാംഗം കൂടിയായ ബീഗം നസിം ഇഖ്തിദാറിന്റെ (ലഖ്‌നൗ) ഏക പെൺസ്വരം മാത്രമായിരുന്നു ഇതുവരെയും ബോർഡിൽ. ഇവർക്കു പുറമെ ഡോ. റുക്സാന ലാരി, ഡോ. സഫിയ നസീം, (ഇരുവരും ലഖ്‌നൗ), നൂർജഹാൻ ഷക്കീൽ (കൊൽക്കത്ത), ഡോ. അസ്മ സുഹ്റ (ഹൈദരാബാദ്) എന്നിവരാണ് നിർവാഹക സമിതിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടത്. പ്രധാന സെഷനുകളിൽ അഭിപ്രായപ്രകടനം നടത്താനും സ്ത്രീ പ്രതിനിധികൾക്ക് അവസരം നൽകി. നിരവധി സ്ത്രീകൾ തന്നെ ചർച്ച ശ്രവിക്കാൻ എത്തിയിരുന്നു.

രാഷ്ട്രീയ-സാമൂഹിക മേഖലകളിൽ വരെ സ്ത്രീകളുടെ പുതിയ ഉണർവിന്റെ കാലത്ത് എല്ലാറ്റിനും നേരെ പുറം തിരിഞ്ഞുനിൽക്കുന്ന സമീപനം ഗുണം ചെയ്യില്ലെന്ന് ബോർഡിന് ബോധ്യമായിട്ടുണ്ട്. താഴേ തട്ടിലും സ്ത്രീ സംവരണം വന്നതോടെ മാറുന്ന ഇന്ത്യയുടെ പ്രതിഫലനം ബോർഡും ഉൾക്കൊള്ളുകയായിരുന്നു. ആൾ ഇന്ത്യാ മുസ്‌ലിം വനിതാ പേഴ്സനൽ ലോ ബോർഡ് എന്നൊരു സംഘടന വരെ ലഖ്‌നൗവിൽ അടുത്തിടെ രൂപംകൊണ്ടിരുന്നു. മുസ്‌ലിം വ്യക്തിനിയമത്തിന്റെ പെൺവായനയാണ് തങ്ങൾ ഉയർത്തിപ്പിടിക്കുന്നതെന്നാണ് അതിന്റെ സാരഥികളുടെ അവകാശവാദം.

ഇന്ത്യയുടെ പൊതു പ്രാതിനിധ്യം നിർവാഹക സമിതിയിൽ ഉറപ്പുവരുത്താനുള്ള നല്ല തീരുമാനവും ഇക്കുറി ഉണ്ടായി. നീണ്ട 37 കൊല്ലം പിന്നിടുമ്പോഴാണ് രാജ്യത്തിന്റെ മുഴുവൻ പ്രാതിനിധ്യവും ബോർഡിനുള്ളിൽ വേണമെന്ന് ബന്ധപ്പെട്ടവർക്ക് തോന്നിയത്. മേഘാലയ, ത്രിപുര, ആസാം, ലഡാക് എന്നിവിടങ്ങളിൽ നിന്നുള്ള പ്രതിനിധികളും അങ്ങനെ ബോർഡിന്റെ ഭാഗമായി. രണ്ട് എം.എൽ.എമാരും ഒരു എം.പിയുമാണ് ഇതിലൂടെ ബോർഡ് അംഗങ്ങളായത്. റിട്ട. സുപ്രീം കോടതി ജഡ്ജി ശൈഖ് മുഹമ്മദ് ഖാദിരിയും രാജ്യസഭാ ഉപാധ്യക്ഷൻ കെ. റഹ്മാൻ ഖാനും ബോർഡിലെ സ്ഥിരാംഗങ്ങളായും നോമിനേറ്റ് ചെയ്യപ്പെട്ടു. മുസ്‌ലിം ലീഗ് സംസ്ഥാന അധ്യക്ഷൻ ഹൈദരലി ശിഹാബ് തങ്ങളും വ്യവസായ പ്രമുഖൻ പി.എ ഇബ്‌റാഹീം ഹാജിയുമാണ് പുതുതായി നിർവാഹക സമിതിയിലേക്ക് വന്ന കേരള പ്രതിനിധികൾ.

പത്തു പേരെ ബോർഡ് പ്രസിഡന്റ് നിർവാഹക സമിതിയിലേക്ക് നോമിനേറ്റ് ചെയ്തിട്ടുണ്ട്. കേരളത്തിൽനിന്ന് അബ്ദുൽ ശുക്കൂർ ഖാസിമിയാണ് ഇതിലുൾപ്പെട്ടത്. അമ്പത്തൊന്നംഗ ബോർഡിൽ മതപണ്ഡിതരും നേതാക്കളുമാണ് കൂടുതൽ. മുസ്‌ലിം പ്രശ്നങ്ങളിൽ സജീവമായി ഇടപെടുകയും സക്രിയ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്ന എണ്ണമറ്റ സന്നദ്ധ സംഘടനകളുടെ പ്രതിനിധികൾ കൂടി ബോർഡിൽ വരേണ്ടതാണ്. താഴേക്കിടയിൽ സമുദായം നേരിടുന്ന ജീവൽ പ്രശ്നങ്ങളുടെ കൃത്യമായ ചിത്രം മുന്നോട്ടു വെക്കാൻ അത്തരം പങ്കാളിത്തം വഴി സാധിച്ചേക്കും. വിഷയങ്ങളുടെ സ്വീകാര്യതയിലെന്ന പോലെ പ്രതിനിധികളുടെ തെരഞ്ഞെടുപ്പിലും പതിവുരീതികളെ അതിലംഘിക്കാൻ ബോർഡ് മടിക്കുകയാണ്.

മൗലാനാ സയ്യിദ് മുഹമ്മദ് റാബിഅ് ഹസനി നദ്‌വി മൂന്നാം തവണയും ബോർഡ് അധ്യക്ഷനായി തെരഞ്ഞെടുക്കപ്പെട്ടു. എല്ലാവരുടെയും കൂട്ടായ തീരുമാനം അംഗീകരിച്ചുകൊണ്ടാണ് സാരഥ്യം ഏറ്റെടുക്കുന്നതെന്നും പിന്തുണയും പ്രാർഥനയും വേണമെന്നും അദ്ദേഹം ബോർഡംഗങ്ങൾ

ക്കു മുമ്പാകെ വ്യക്തമാക്കി. മൗലാന ഖാരി ത്വയ്യിബ്, മൗലാന അബുൽ ഹസൻ അലി നദ്‌വി(അലിമിയാൻ), മൗലാന ഖാദി മുജാഹിദുൽ ഇസ്‌ലാം ഖാസിമി എന്നിവരായിരുന്നു മുൻകാലങ്ങളിലെ ബോർഡ് അധ്യക്ഷന്മാർ. എല്ലാവരെയും ഒരുമിച്ചു നിർത്തി മുന്നോട്ടു പോകാൻ കഴിഞ്ഞു എന്നത് വിടവാങ്ങിയ ഇവരുടെ മഹത്വം വിളംബരപ്പെടുത്തുന്നു.


■ ബീഗം നസിം ഇഖ്തിദാർ

പണ്ഡിതനും മികച്ച എഴുത്തുകാരനും സംഘാടകനുമാണ് റാബിഅ് ഹസനി നദ്‌വി. അബുൽ ഹസൻ അലി നദ്‌വിയുടെ സഹോദരി പുത്രൻ. നദ്‌വയിൽ നിന്നാണ് ബിരുദം നേടിയത്. 1948–ൽ പഠനം പൂർത്തിയാക്കി നദ്‌വയിൽ അധ്യാപകനായി. 'മൻസൂറാത്ത് മിൻ അദബിൽ അറബ്' (അറബ് സാഹിത്യത്തിലെ മുത്തുകൾ), 'അൽ അദബുൽ അറബി(അറബി സാഹിത്യം), 'ജസീറത്തുൽ അറബ്' (അറേബ്യൻ ഉപദ്വീപ്) എന്നിവ പ്രധാന കൃതികൾ. റാബിത്വയുടെ ഉർദു മാസികയായ 'കാർവാനെ അദബി'ന്റെ ചീഫ് എഡിറ്ററാണ്. അറബി ഭാഷാ സാഹിത്യത്തിനു നൽകിയ സംഭാവനകൾ പരിഗണിച്ച് 1981–ൽ രാഷ്ട്രപതിയുടെ പ്രത്യേക പുരസ്കാരം ലഭിച്ചു. 1993–ൽ നദ്‌വയുടെ പ്രിൻസിപ്പൽ. രണ്ടായിരാമാണ്ടിൽ നദ്‌വയുടെ റെക്ടർ പദവിയിൽ.

ആധുനിക വീക്ഷണങ്ങളോട് ആഭിമുഖ്യം പുലർത്താൻ ഇനിയും ബോർഡിന് കഴിഞ്ഞിട്ടില്ലെന്നത് പലരും ഉന്നയിക്കുന്ന വിമർശനമാണ്. എന്നാൽ വ്യക്തി നിയമ പരിധിയിൽ വരുന്ന കാര്യങ്ങളല്ലാതെ മറ്റൊന്നും ബോർഡിന് ചർച്ച ചെയ്യാൻ വകുപ്പില്ലെന്ന് ബോർഡ് സാരഥികളും വ്യക്തമാക്കുന്നു. വനിതാ സംവരണ ബില്ലിന്റെ കാര്യത്തിലും മറ്റും മാധ്യമങ്ങൾ പ്രകടിപ്പിക്കുന്ന താൽപര്യങ്ങളുമായി ഒത്തു പോകാൻ ബോർഡിന് പറ്റില്ലെന്നും നേതാക്കൾ തീർത്തു പറഞ്ഞു. അതേ സമയം രാഷ്ട്രീയ പ്രശ്നങ്ങളിൽ നിന്ന് ഒളിച്ചോടാൻ തങ്ങളില്ലെന്ന് ബോർഡിൽ നടന്ന ചർച്ചകളും പാസാക്കിയ പ്രമേയങ്ങളും തെളിയിക്കുന്നു. കേന്ദ്രസർക്കാറിനെതിരെ വിവിധ വിഷയങ്ങളിൽ ശക്തമായ എതിർപ്പ് ഉയർന്നു എന്നതും ശ്രദ്ധേയം.

വർഗീയ കലാപ നിയന്ത്രണ ബില്ലിനെതിരെയാണ് രൂക്ഷമായ വിമർശം. ഗുജറാത്ത് ഉൾപ്പെടെ വർഗീയ കലാപങ്ങളുടെ പശ്ചാത്തലത്തിലാണ് കേന്ദ്ര സർക്കാർ ഇത്തരമൊരു ബിൽ ആവിഷ്കരിച്ചത്. എന്നാൽ ഇപ്പോഴത്തെ അവസ്ഥയിൽ ബില്ലിന് നിയമ പ്രാബല്യം ലഭിക്കുന്നത് മുസ്‌ലിം വിരുദ്ധ സമീപനവുമായി മുന്നോട്ടു പോകാൻ പോലീസ് സേനക്കും മറ്റും അവസരം ഒരുക്കുമെന്ന വാദമാണ് ബോർഡ് ഉയർത്തുന്നത്. എണ്ണമറ്റ കലാപങ്ങളിൽ പോലീസ് സേനയുടെ കുറ്റകരമായ പങ്ക് വെളിച്ചെത്തു വന്നതാണ്. പല കമീഷനുകളും അക്കാര്യം എടുത്തു പറഞ്ഞതുമാണ്. എന്നാൽ ബില്ലിൽ പോലീസ് സേനക്ക് കൂടുതൽ അധികാരങ്ങൾ പകർന്നു നൽകുന്ന വ്യവസ്ഥകളാണുള്ളത്.

ബില്ലിനെതിരായ പോരാട്ടത്തിന്റെ ഭാഗമായി ഏപ്രിൽ 12ന് മുമ്പ് മുസ്‌ലിം, സെക്യുലർ എം.പിമാരുടെ യോഗം വിളിച്ചു ചേർക്കും. കാതലായ ചില ഭേദഗതി നിർദേശങ്ങളാണ് ബോർഡ് മുന്നോട്ടു വെച്ചിരിക്കുന്നത്. പൗരാവകാശ, സന്നദ്ധ സംഘടനകൾ നേരത്തെ തന്നെ ബില്ലിലെ വിവാദ വ്യവസ്ഥകൾക്കെതിരെ രംഗത്തു വന്നിരുന്നു. ബില്ലിൽ മാറ്റം വരുത്താതെ സർക്കാർ മുന്നോട്ടു പോവുകയാണെങ്കിൽ അതിനെതിരെ പ്രക്ഷോഭ പരിപാടികൾ സംഘടിപ്പിക്കാൻ മുഴുവൻ സംഘടനകളോടും ബോർഡ് ആവശ്യപ്പെടുകയും ചെയ്തു.

ബാബ്‌രി മസ്ജിദ് വിഷയം ഇക്കുറിയും ബോർഡ് സമ്മേളനത്തിൽ സജീവ ചർച്ചാവിഷയമായി. അഡ്വ. സഫര്യാബ് ജീലാനിയും എസ്.ക്യൂ.ആർ ഇല്യാസുമാണ് കേസിന്റെ വിശദാംശങ്ങളും മറ്റും ബോർഡിനെ അറിയിച്ചത്. അലഹബാദ് ഹൈക്കോടതിയിൽ നടക്കുന്ന ബാബരി മസ്ജിദിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച കേസിൽ നടപടിക്രമങ്ങൾ നല്ല രീതിയിൽ പുരോഗമിക്കുന്നതായാണ് വിലയിരുത്തൽ. എന്നാൽ ലിബർഹാൻ കമീഷൻ കണ്ടെത്തിയ അദ്വാനി ഉൾപ്പെടെ 65 പ്രതിക

ൾക്കെതിരെ ആസൂത്രണം, ഗൂഢാലോചന വകുപ്പുകളിൽ ക്രിമിനൽ നടപടി സ്വീകരിക്കാൻ സി.ബി.ഐ തയാറാകാത്തത് ബോർഡിൽ രൂക്ഷ വിമർശത്തിനിടയാക്കി. കേന്ദ്ര സർക്കാർ ഇക്കാര്യത്തിൽ തികഞ്ഞ അലംഭാവമാണ് കാണിക്കുന്നതെന്ന ആക്ഷേപവും ഉയർന്നു. പ്രതികൾ ശിക്ഷിക്കപ്പെടാതെ പോകുന്നത് നിയമവാഴ്ചയെ കുറിച്ച സംശയം ജനിപ്പിക്കാൻ വഴിയൊരുക്കുമെന്നും ബോർഡ് മുന്നറിയിപ്പ് നൽകുന്നു.

സമുദായത്തിന്റെ ആഭ്യന്തര സമസ്യകൾക്കു നേരെയും ബോർഡ് കണ്ണടച്ചില്ല. സ്ത്രീധനത്തിനെതിരായ പോരാട്ടം തുടരണമെന്നും മതശാസനകൾക്കു നിരക്കാത്ത സമീപനങ്ങളിൽ നിന്ന് വിട്ടുനിൽക്കാൻ എല്ലാവരെയും പ്രേരിപ്പിക്കണമെന്നും ബോർഡ് നിർദേശിച്ചു. പെൺഭ്രൂണഹത്യക്കെതിരെ ശക്തമായ ബോധവത്കരണം ആരംഭിക്കേണ്ടതിന്റെ ആവശ്യകതയും സമ്മേളനം പങ്കുവെച്ചു. പെൺകുഞ്ഞുങ്ങളെ ബാധ്യതയായി കാണുന്ന സാമൂഹിക സാഹചര്യം പതിയെ മുസ്‌ലിംകളിലേക്കു കൂടി കടന്നു വരുന്നുവെന്ന ആശങ്ക പല പണ്ഡിതന്മാരും പ്രകടിപ്പിച്ചു. ഇതിനെതിരെ മഹല്ല് തലങ്ങളിലും മറ്റും ശക്തമായ ബോധവത്കരണം ആവശ്യമാണ്. പെൺ ഭ്രൂണഹത്യ തടയാൻ ഇസ്‌ലാമിക വിധികൾ ഉയർത്തിക്കാട്ടി ശക്തമായ പ്രചാരണ പരിപാടികൾ വേണമെന്ന ആവശ്യവും ഉയർന്നു.

മുസ്‌ലിം കുടുംബ പ്രശ്നങ്ങൾ മഹല്ല് തലങ്ങളിലും മറ്റും രമ്യമായി പരിഹരിക്കാൻ അവസരം ഒരുക്കുന്ന 'ദാറുൽ ഖദാ' സംവിധാനം ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകതയും സമ്മേളനത്തിൽ ഉയർന്നു. രാജ്യത്തെ വെല്ലുവിളിക്കുന്ന സമാന്തര കോടതി സംവിധാധമായും മറ്റും ഇതിനെ കുറ്റപ്പെടുത്താൻ ചില കേന്ദ്രങ്ങൾ നടത്തുന്ന നീക്കത്തിൽ അതൃപ്തി രേഖപ്പെടുത്തി. കോടതികൾക്കു പുറത്ത് പ്രശ്നങ്ങൾ പറഞ്ഞുതീർക്കുന്ന അദാലത്ത് സംവിധാനങ്ങളെ സർക്കാർ തന്നെ പിന്തുണക്കുന്ന കാര്യം പലരും ചൂണ്ടിക്കാട്ടി.

മൂന്നു ദിവസം നീണ്ടുനിന്ന സമ്മേളന സമാപനമായി ലഖ്നൗവിൽ വൻ പൊതുസമ്മേളനവും നടന്നു. മുസ്‌ലിം കൂട്ടായ്മയുടെ കരുത്തിന്റെ പ്രതീകം കൂടിയായി മാറി സമ്മേളനം. ബോർഡിന്റെ ഭാഗമായ ഒട്ടുമിക്ക സംഘടനകളുടെയും നേതാക്കൾ ചടങ്ങിൽ സംസാരിച്ചു. മുസ്‌ലിം വ്യക്തിനിയമങ്ങളുടെ പരിരക്ഷ ഭരണഘടന ഉറപ്പുനൽകുന്ന അവകാശമാണെന്നും അതിൽ കൈകടത്താനും അടിസ്ഥാന മതപ്രമാണങ്ങളെ ദുർവ്യാഖ്യാനം ചെയ്യാനുമുള്ള ഏതൊരു നീക്കവും ചെറുത്തു തോൽപിക്കണമെന്ന ആഹ്വാനവും ഉയർന്നു. സമീപ കാലത്തുണ്ടായ ചില കീഴ്കോടതി വിധികൾ പരാമർശിച്ചായിരുന്നു ഇത്.

ഫലസ്ത്വീൻവിരുദ്ധ പക്ഷത്തേക്കുള്ള ഇന്ത്യൻ ചുവടുമാറ്റത്തിനെതിരെയും ബോർഡ് സമ്മേളനത്തിൽ നിശിത വിമർശം ഉയർന്നു. ബൈത്തുൽ മഖ്ദിസിന്റെ സുരക്ഷക്ക് ഭീഷണി ഉയർത്തുമാറ് ഇസ്രയേൽ നടത്തുന്ന നിർമാണ പ്രവർത്തനങ്ങളും ജൂത കുടിയേറ്റവും വ്യാപകമായിട്ടും ഇന്ത്യ പുലർത്തുന്ന മൗനം കുറ്റകരമാണെന്ന് സമ്മേളനം ചൂണ്ടിക്കാട്ടി. നെഹ്റുവിന്റെ കാലത്തെ ഫലസ്ത്വീൻ അനുകൂല വിദേശനയത്തിനു പകരം യു.എസ്-ഇസ്രയേൽ പക്ഷപാതിത്വത്തിലേക്ക് ഇന്ത്യ വഴിമാറുന്നതിന്റെ അപകടത്തെ കുറിച്ചും ബോർഡ് നേതൃത്വം മുന്നറിയിപ്പ് നൽകി. ഇന്ത്യയിൽ ഇറങ്ങി കളിക്കാൻ ഇസ്രയേലിന്റെയും അമേരിക്കയുടെയും സുരക്ഷാ ഏജൻസികൾക്ക് അനുമതി നൽകുന്ന കേന്ദ്ര സർക്കാർ നയത്തെ അപലപിക്കാനും സമ്മേളനം മറന്നില്ല. പൊരുതുന്ന ഫലസ്ത്വീൻ ജനതക്ക് ബോർഡ് സമ്മേളനം പൂർണ ഐക്യദാർഢ്യം നേർന്നു.

മുസ്‌ലിം യുവാക്കളുടെ അന്യായമായ അറസ്റ്റും പെരുകുന്ന വ്യാജ ഏറ്റുമുട്ടൽ കൊലകളും ബോർഡ് സമ്മേളനത്തിലും അലയടിച്ചു. ബട്‌ല ഹൗസ് ഏറ്റുമുട്ടലിൽ കൊല്ലപ്പെട്ട യുവാക്കളുടെ പോസ്റ്റ്മോർട്ടം റിപ്പോർട്ട് പുറത്തുവന്ന അതേ സമയം തന്നെയായിരുന്നു ലഖ്നൗവിൽ ബോർഡ് സമ്മേളനം ചേർന്നതും. തുറുങ്കിൽ അടച്ച നിരപരാധികളായ മുസ്‌ലിം യുവാക്കളെ ഉടൻ വിട്ടയക്കണമെന്നും ബോർഡ് യോഗം ആവശ്യപ്പെട്ടു.

എല്ലാ പരിമിതികൾക്കുമിടയിലും സമുദായത്തിനുള്ളിൽ ബോധവത്കരണത്തിന് ആഹ്വാനം നൽകാനും കേന്ദ്ര സർക്കാറിന് ശക്തമായ മുന്നറിയിപ്പ് നൽകാനും ലഖ്നൗ സമ്മേളനം ശ്രദ്ധിച്ചുവെന്നത് ശ്രദ്ധേയം. തുടർ നടപടികളാണ് പ്രധാനം. പലപ്പോഴും ബോർഡിന് പിഴച്ചതും അവിടെയാണ്. പ്രസ്താവനകൾക്കപ്പുറം പ്രയോഗവത്കരണത്തിനുള്ള ഇഛാശക്തിയില്ലെങ്കിൽ, ബോർഡിന്റെ മറ്റൊരു ആണ്ടുൽസവമായി ലഖ്നൗ സമ്മേളനവും പരിണമിക്കും. ■